സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം

7 (*217) ശ്രീമതി കെ. കെ. ലതിക:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികൾ നേരിടുന്ന കടുത്ത മരുന്നുക്ഷാമം പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കാൻ തയ്യാറാകാമോ ;

(ബി) മരുന്നുക്ഷാമത്തിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടെങ്കിൽ അറിയിക്കാമോ ;

(സി) അവശ്യമരുന്നുകൾ ലഭ്യമല്ലാത്തതിനാൽ രോഗിക്ക് ആവശ്യമായ മരുന്ന് കുറിക്കുന്നതിന് പകരം ലഭ്യമായ മരുന്നുകൾ മാത്രം കുറിക്കണമെന്ന നിർദ്ദേശം നൽകിയത് പാവപ്പെട്ട രോഗികളെ ദുരിതത്തിലാക്കിയിരിക്കുന്നതായ പരാതി പരിഗണിച്ച് പ്രസ്തുത നിർദ്ദേശം പിൻവലിക്കാൻ തയ്യാറാകുമോ ;

(ഡി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഈ വർഷം മരുന്നു വാങ്ങാനായി ഇതുവരെ അനുവദിച്ച തുകയും കോർപ്പറേഷൻ ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) സർക്കാർ ആശുപത്രികൾ നേരിടുന്ന മരുന്നുക്ഷാമം പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഏതെങ്കിലും അവശ്യമരുന്നിന് ക്ഷാമം നേരിട്ടാൽ ആ മരുന്നുകൾ കോർപ്പറേഷൻ വെയർഹൗസുകളിൽ ലഭ്യമല്ലാത്തപക്ഷം ആശുപത്രി തലത്തിൽത്തന്നെ വാങ്ങി മരുന്നില്ലാത്ത സാഹചര്യം പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ 29-11-2014-ൽ G.O (Rt) No.3859/2014/H&FWD എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏതെങ്കിലും മരുന്നുകൾ ഇല്ലാത്തപക്ഷം ആശുപത്രി മേധാവിക്ക് ആയവ വാങ്ങുവാനുള്ള അധികാരം നൽകിയിട്ടുണ്ട്. മാനസികാരോഗ്യ കേന്ദ്രങ്ങളിലേക്ക് വേണ്ട അത്യാവശ്യ മരുന്നുകൾ ആരോഗ്യ വകുപ്പ് ആസ്ഥാനത്തിൽ നിന്നുതന്നെ വാങ്ങി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2014-15 സാമ്പത്തിക വർഷത്തെ ഇൻഡന്റ് ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽനിന്നും 10-1-2014-നും ആരോഗ്യ വകുപ്പിൽനിന്നും 18-1-2014-നും KMSCL-ന് ലഭിക്കുകയുണ്ടായി. പ്രസ്തുത ഇൻഡന്റുകൾ ക്രോഡീകരിച്ച് ഡയറക്ടർ ബോർഡിന്റെ അനുമതിയോടെ 28-1-2014-ന് കോർപ്പറേഷൻ ടെൻഡർ നടപടികൾ ആരംഭിച്ചു. നടപ്പു സാമ്പത്തികവർഷം മുതൽ സർക്കാർ നിർദ്ദേശാനുസരണം ഇ-ടെൻഡർ മുഖേനയാണ് ടെൻഡർ ക്ഷണിച്ചത്. എന്നാൽ ഓൺലൈനായി ബിഡ് സമർപ്പിക്കുന്നതിനുള്ള പരിചയക്കുറവുമൂലം പല വിതരണക്കാർക്കും ടെൻഡറിൽ പങ്കെടുക്കുവാൻ സാധിച്ചില്ല. തൽഫലമായി വളരെ കുറച്ചു മരുന്നുകൾക്കുമാത്രമേ വിതരണക്കാരെ ലഭിച്ചുള്ളൂ. മറ്റുള്ളവയിൽ ഒന്നിൽ കൂടുതൽ ബിഡ്ഡർമാരുള്ളതും കാരുണ്യാ ഫാർമസിയിലെ വിലയേക്കാൾ കുറഞ്ഞ വിലയുള്ളതുമായ ഇനങ്ങൾക്ക് ടെൻഡർ ചെയ്ത ക്വാണ്ടിറ്റിയുടെ 50% ഓർഡറുകൾ നൽകുകയും ശേഷിക്കുന്നവയും വിതരണക്കാരെ ലഭിക്കാത്തതുമായ മരുന്നുകളും ഉൾപ്പെടെ 306 ഇനം മരുന്നുകൾ റീ-ടെൻഡർ ചെയ്യുന്നതിനായി ഡയറക്ടർ ബോർഡ് നിർദ്ദേശിച്ചു ഇതിൽ ചില മരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്തുകഴിഞ്ഞു. മറ്റുള്ളവ കോർപ്പറേഷൻ വെയർഹൗസുകളിൽ എത്തിക്കൊണ്ടിരിക്കുന്നു.

ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത തുക വിതരണക്കാർക്ക് നൽകുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ മുൻവർഷങ്ങളിലെ മരുന്നു വിതരണം ചെയ്ത ചില കമ്പനികൾക്ക് തുക മുഴുവനായും കൊടുക്കുവാൻ സാധിച്ചിട്ടില്ല. തൽഫലമായി വിതരണക്കാരും യഥാസമയം മരുന്നു വിതരണം പൂർത്തീകരിച്ചിട്ടില്ല. അവശ്യമരുന്നുകൾ വിതരണം ചെയ്യുന്ന കെ.എസ്.ഡി.പി.-യും മറ്റു ചില കമ്പനികളും മരുന്നു വിതരണത്തിൽ വീഴ്ച വരുത്തിയതും ചില അവശ്യമരുന്നുകളുടെ വിതരണത്തിൽ നേരിയ ക്ഷാമം നേരിടുവാൻ കാരണമായി.

2014-15 സാമ്പത്തിക വർഷം 242 കോടി രൂപയുടെ മരുന്നുകൾ സംഭരിക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയപ്പോൾ 434.7 കോടി രൂപയുടെ ഇൻഡന്റാണ് ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും സംയുക്തമായി മരുന്നു സംഭരണത്തിനായി കോർപ്പറേഷന് നൽകിയത്. ഇതിൽ നാളിതുവരെ 212 കോടി രൂപയുടെ മരുന്നുകൾ ആരോഗ്യ വകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനുമായി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത നിർദ്ദേശം ആരോഗ്യ വകുപ്പ് നൽകിയിട്ടില്ല.

(ഡി) നടപ്പു സാമ്പത്തികവർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 60 കോടി രൂപ മരുന്ന് സംഭരണത്തിനായി അനുവദിച്ചിട്ടുണ്ട്. 28-11-2014 വരെ കോർപ്പറേഷൻ 212,03,70,444 രൂപയുടെ മരുന്നുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡറുകൾ നൽകിയിട്ടുണ്ട്.

ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ

8 (*218) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ജോസഫ് വാഴയ്ക്കൻ:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത് ;

(ബി) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ നടപ്പാക്കുന്നതിൽ ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കുന്നതിലുള്ള മികവ് പരിഗണിച്ച് കേന്ദ്രത്തിൽനിന്ന് അധിക സഹായം ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) ഗ്രാമീണ ശുദ്ധജലവിതരണത്തിൽ മികവ് കൈവരിക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ള മെത്തിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി. ഗ്രാമീണ മേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. വെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റൈനബിലിറ്റി വിഭാഗത്തിൽ മഴവെള്ള സംഭരണികൾ, തടയണകളുടെ നിർമ്മാണം, ഇൻടേക്ക് വെല്ലുകളുടെ പുനരുദ്ധാരണം, കിണറുകളുടെ റീചാർജ്ജ് എന്നീ പദ്ധതികൾ ഏറ്റെടുത്ത് കുടിവെള്ള പദ്ധതികളിൽ ജലത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിലെ സ്കൂളുകളിൽ കുടിവെള്ള വിതരണ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly